(vi) പത്തനംതിട്ട കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാന്റ്, വടശ്ശേരിക്കര, പന്തളം, തിരുവല്ല എന്നിവിടങ്ങളിൽ താൽക്കാലിക ഇൻഫർമേഷൻ സെന്ററുകൾ.

(ബി) തിരുവല്ലയിലെ സത്രം കോംപ്ലക്സ് ഒഴികെ മുകളിൽ പ്രതിപാദിച്ച മറ്റെല്ലാ പദ്ധതികളും പൂർത്തിയായി.

തീരദേശ സംരക്ഷണ നിയമം ലംഘിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

11 [*95] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് ബീച്ചുകളിൽ തീരദേശ സംരക്ഷണ നിയമങ്ങൾ ലംഘിച്ചു കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ബീച്ചുകളുടെ സ്വാഭാവിക ഭംഗി നശിപ്പിക്കുന്നതിനാൽ അത് തടയുന്നതിന് വേണ്ട കർശന നടപടികൾ സ്വീകരിക്കുമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ & ബി) ബീച്ചുകളുടെ സ്വാഭാവിക ഭംഗി നശിപ്പിക്കുന്നതുൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടയേണ്ടത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്. വിനോദ സഞ്ചാര പദ്ധതിക്ക് വിരുദ്ധമായോ അഥവാ അതിലംഘിച്ചുകൊണ്ടോ ഉള്ള അനധികൃത നിർമ്മാണമോ ഭൂവികസനമോ ഭൂമി കയ്യേറ്റമോ അപ്രകാരമുള്ള മറ്റ് പ്രവർത്തനങ്ങൾക്കോ എതിരായി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാനത്തിന് നിർദ്ദേശം നൽകാൻ അധികാരപ്പെടുത്തുന്ന (2005-ലെ കേരള വിനോദ സഞ്ചാരം - മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റ് പാസ്സാക്കിയിട്ടുണ്ട്. ഈ നിയമം നടപ്പിലാകുന്നതോടുകൂടി ബീച്ചുകളടക്കമുള്ള ടൂറിസം മേഖലകളുടെ സ്വാഭാവിക ഭംഗിക്ക് കോട്ടം തട്ടുന്ന എല്ലാ പ്രവർത്തനങ്ങളും തടയാനാകുമെന്ന് കരുതുന്നു.

അജ്ഞാത രോഗം ബാധിച്ച് ചാകുന്ന മൃഗങ്ങൾ

12 [*96] ശ്രീ. സി. പി. മുഹമ്മദ്:
,, കെ. മോഹൻകുമാർ:
,, എ. കെ. മണി:
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേക്കടി വനങ്ങളിൽ അജ്ഞാതരോഗം പിടിപെട്ട് 2005 ജൂൺ മുതൽ എത്ര വന്യമൃഗങ്ങൾ ചത്തിട്ടുണ്ട്;

(ബി) കുമിളി ഹോളിഡേ ഹോമിന് സമീപത്ത് ചത്തതായി കാണപ്പെട്ട മ്ലാവിന്റെ ജഡം പോസ്റ്റ്മാർട്ടം നടത്തിയോ; എങ്കിൽ അത് ചാകാനുള്ള കാരണം എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുമിളി വനങ്ങളിൽ ചരിയുന്ന ആനകളുടെ ആമാശയത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വനത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപേക്ഷിക്കപ്പെടാതിരിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

പരിസ്ഥിതി-വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ):

(എ) അജ്ഞാതരോഗംമൂലമാണ് വന്യമൃഗങ്ങൾ മരണപ്പെട്ടതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോസ്റ്റ്മോർട്ടം നടത്തിയിരുന്നു. പ്രായാധിക്യമാണ് മരണകാരണമെന്ന് കണ്ടെത്തുകയുണ്ടായി.

(സി) പ്ലാസ്റ്റിക് മാലിന്യങ്ങൾ കണ്ടെത്തിയിട്ടില്ല. വനത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപേക്ഷിക്കപ്പെടാതിരിക്കാൻ സന്ദർശകരുടെ ശ്രദ്ധ പതിക്കുന്ന സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. നേച്ചർ ക്യാമ്പുകളും മറ്റും സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്. പ്രത്യേക പരിപാടിയായ പ്ലാസ്റ്റിക് ഫ്രീ ഡേ എല്ലാ മാസവും 28-ാം തീയതി നടത്തിവരുന്നു. കൂടാതെ ഉപേക്ഷിക്കപ്പെട്ട പ്ലാസ്റ്റിക്കുകൾ നീക്കം ചെയ്യാൻ വാച്ചർമാരെ നിയമിച്ചിട്ടുണ്ട്.

ശബരിമല വികസനത്തിനായി വിട്ടുകിട്ടിയ വനഭൂമി

13 [*97] ശ്രീ. പി. ടി. തോമസ്:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിനുവേണ്ടി പമ്പയിലും സന്നിധാനത്തിലുമായി എത്ര ഹെക്ടർ വനഭൂമി വിട്ടുകിട്ടിയിട്ടുണ്ട്;

(ബി) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഈ ഭൂമി കിട്ടിയിട്ടുള്ളത്;

(സി) ഈ ഭൂമിയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) ശബരിമല വികസനത്തിനായി വിട്ടുകിട്ടിയ വനഭൂമിക്ക് പകരം ഭൂമി വാങ്ങികൊടുക്കേണ്ടതായി വന്നിട്ടുണ്ടോ; അതിനുവേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡിന് എന്ത് തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) നിലയ്ക്കലിൽ 110.524 ഹെക്ടർ വനഭൂമിയും പെരിയാർ ടൈഗർ റിസർവ്വ് ഏരിയയിൽ 12.675 ഹെക്ടർ വനഭൂമിയുമാണ് വിട്ടുകിട്ടിയിട്ടുള്ളത്.

(ബി) ലഭ്യമായ വനഭൂമിക്ക് പകരം വനവത്കരണത്തിനായി തുല്യമായ അളവിൽ വനേതര ഭൂമി ലഭ്യമാക്കുക, വനവത്കരണത്തിനാവശ്യമായ പകരം ഭൂമിയ്ക്കുള്ള തുക കൈമാറുക, സംസ്ഥാന സർക്കാർ അംഗീകരിച്ച മാസ്റ്റർ പ്ലാൻ പദ്ധതിയ്ക്കനുസൃത

LIBRARY ARCHIVES Kerala Legislative Assembly